**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5026** 22/05/2017 -ൽ മറുപടിയ്ക്ക്

## ഹയർസെക്കൻഡറി തലം വരെയുള്ള പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹയർസെക്കൻഡറി തലം വരെയുള്ള പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്താറുള്ളത്; | (എ) എസ് എസ് എൽ സി യുടെ മോഡൽ ചോദ്യപേപ്പറുകളും, പൊതു പരീക്ഷയുടെ ചോദ്യപേപ്പറുകളും തയ്യാറാക്കുന്നത് പരീക്ഷാഭവനാണ്. ഇതിനായി എസ് സി ഇ ആർ റ്റി യിൽ നിന്ന് വിദഗ്ധരുടെ പാനൽ തയ്യാറാക്കി വാങ്ങുകയും പ്രസ്തുത പാനലിൽ നിന്നും ഹയർ സെക്കണ്ടറി അധ്യാപകരെയും കോളേജ് അധ്യാപകരെയും ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്യുന്നു.<br>1991 ൽ ഹയർ സെക്കണ്ടറി രൂപീകരിച്ചതു മുതൽ ഒന്നും രണ്ടും വർഷ പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് കോളേജ്/ സർവ്വകലാശാല അധ്യാപകരാണ്. 2011 മുതൽ ഒന്നാം വർഷ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് ഹയർ സെക്കണ്ടറി അധ്യാപകരാണ്.<br>വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ എസ് സി ഇ ആർ റ്റി വഴി ട്രെയിനിംഗ് ലഭിച്ച തിരഞ്ഞെടുത്ത അധ്യാപകരെയാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുന്നത്. |
| (ബി) ഇത്തരത്തിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതുമൂലം ചോദ്യപേപ്പർ ചോരുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) ഇത്തരത്തിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതുമൂലം ചോദ്യപേപ്പർ ചോരുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നില്ല. |

| | |
|---|---|
| (സി) ചോദ്യപേപ്പർ ചോർച്ച ഒഴിവാക്കുന്ന തിനായി നിലവിലെ രീതിക്ക് ഏതെങ്കിലും തരത്തിലുള്ള മാറ്റം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ചോദ്യ പേപ്പർ തയ്യാറാക്കുന്നതിലും പരീക്ഷാ നടത്തിപ്പിലും സമൂലമായ മാറ്റം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) പൊതുപരീക്ഷകൾക്കായി ചോദ്യബാങ്കുകൾ രൂപപ്പെടുത്തി അതി ന്റെ അടിസ്ഥാനത്തിൽ ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തുന്ന രീതിയെക്കുറിച്ച് ആലോചിച്ചു വരുന്നു. മികച്ച ചോദ്യങ്ങൾ ഉൾപ്പെടുത്തി പരീക്ഷാ നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ ഇത് സഹായ കമാകും. |

സെക്ഷൻ ഓഫീസർ